## കേരള സർക്കാർ

നം.9245/ഡിഎ1/2015/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്,
തിരുവനന്തപുരം, തീയതി :18.04.2015.

## സർക്കുലർ

വിഷയം:-തദ്ദേശസ്വയംഭരണവകുപ്പ്-2015-16 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണം-നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

സൂചന :-സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 16.04.15 തീയതിയിലെ 2.3, 2.6, 2.7 എന്നീ നമ്പർ തീരുമാനങ്ങൾ.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16.04.15-ലെ യോഗത്തിലെ സൂചനയിൽ പരാമർശിച്ചിട്ടുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2014-15 വാർഷിക പദ്ധതിയിലെ ക്യാരി ഓവറായി മാറ്റിയ തുകയുടെ പദ്ധതികൾ 2015 സെപ്തംബർ 30-നകം പൂർത്തീകരിക്കേണ്ടതാണ്.

2. 2015-16 പദ്ധതി രൂപീകരണം ഡി.പി.സി. അംഗീകാരം ഉൾപ്പെടെ 2015 മേയ് 15-നകം പൂർത്തീകരിക്കേണ്ടതാണ്. ഇതനുസരിച്ച് ഏപ്രിൽ-25, മേയ്-10, മേയ്-25 എന്നീ തീയതികൾക്ക് മുമ്പായി ഡി.പി.സി കൂടേണ്ടതാണ്. മേയ്-31ന് ശേഷം ഡി.പി.സി, പദ്ധതികൾക്ക് അംഗീകാരം നൽകേണ്ടതില്ല.

3. 2015-16-ലെ പ്രോജക്ടുകളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ 2015 ഡിസംബർ 31-നകം ആയത് പൂർത്തീകരിക്കേണ്ടതാണ്. ഗ്രാമസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രോജക്ടുകളിൽ മാറ്റം വരുത്താൻ പാടുള്ളു.

കെ.എസ്. ശോഭന,
**ജോയിന്റ് സെക്രട്ടറി,**
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി (എല്ലാ ജില്ലയിലേയും)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
ഡയറക്ടർ, ഐ.കെ.എം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം,**

**സെക്ഷൻ ഓഫീസർ.**